# MAHATHMA GANDHI UNIVERSITY KOTTAYAM
## SECOND SEMESTER MGU-UGP (HONOURS) REGULAR EXAMINATION
## MODEL QUESTION PAPER -APRIL 2025
### Second semester
### Major/Minor Course - MG2DSCMAL100 - കാവ്യഭാവന
### (2024 ADMISSION ONWARDS)

**Duration: 2 Hours** **Maximum Marks: 70**

**Remember (K) Understand (U) Apply (A) Analyse (An) Evaluate (E) Create (C) Interest (I) Appreciation (Ap) and Skill (S)**

***Students should attempt atleast one question from each course outcome to enhance their overall outcome attainability***

**[Learning Domain] [CO No(s)]**

**PART A**

**Multiple Choice Questions**

**ശരിയായ ഉത്തരം തിരഞ്ഞെടുത്ത് എഴുതുക. എല്ലാ ചോദ്യത്തിനും ഉത്തരമെഴുതണം. ഓരോ ചോദ്യത്തിനും ഒരു മാർക്ക് വീതം**

1. സ്വതന്ത്രമായ വേണാടിന്റെ പൌരുഷപൂർണ്ണമായ ശക്തിയുടെ കാഹളാരവബഹളമായ ഘോഷയാത്ര എന്ന് ഇരവിക്കുട്ടിപ്പിള്ളപ്പോരിനെ വിശേഷിപ്പിച്ചതാര്? [U ](2)
   [a) ഡോ.എം.വി. വിഷ്ണു നമ്പൂതിരി b) ശൂരനാട്ട് കുഞ്ഞൻപിള്ള c) സി .ഐ.ഗോപാലപിള്ള d) അയ്യപ്പപ്പണിക്കർ]
2. പുലം എന്ന പദത്തിന്റെ അർത്ഥം. [U ](2)
   [a) പാട്ട് b) പുലയർ c) കൃഷിയുടമ d) കൃഷിസ്ഥലം]
3. കേരളം എന്ന കാവ്യം എഴുതിയതാര് ? [A ](4)
   [a) എം.പി.അപ്പൻ b) കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ c) കുമാരനാശാൻ d) ജി.ശങ്കരക്കുറുപ്പ്]
4. 'കവിത കാണുകയാണ് റഫീക്ക് അഹമ്മദ്' എന്നു പറഞ്ഞതാര് ? [A ](4)
   [a) കെ.ജി.ശങ്കരപ്പിള്ള b) എം.ലീലാവതി c) ജി.ശങ്കരക്കുറുപ്പ് d) ബാലചന്ദ്രൻ ചുള്ളിക്കാട്]
5. ഇതിൽ പി.പി.രാമചന്ദ്രന്റെ കവിതയേത്? [K ](1)
   [a) പൂക്കളുടെ അച്ഛൻ b) പിടിവാശി c) പട്ടാമ്പിപ്പുഴമണലിൽ d) രാധ
6. തുഞ്ചൻപറമ്പിലെ തത്തേ എന്ന ഗാനം ഏതു വിഭാഗത്തിൽപ്പെടുന്നു? [R ](3)
   [a) നാടകഗാനം b) ലളിതഗാനം c) ചലച്ചിത്രഗാനം d) നാടോടിഗാനം]
7. ഭാർഗ്ഗവീനിലയം എന്ന ചലച്ചിത്രത്തിലെ ഗാനങ്ങൾ രചിച്ചതാര്? [R ](3)
   [a) വയലാർ b) ഓ.എൻ .വി. c) ബിച്ചു തിരുമല d) പി. ഭാസ്കരൻ]
8. .'കണിയാകുളത്തുപോര്' എന്നു കൂടി അറിയപ്പെടുന്ന പാട്ട് ഏത്? [K](1)
   [a) മുട്ടിപ്പാട്ട് b) മണിമോതിരപ്പാട്ട് c)വാതിൽ തുറപ്പാട്ട് d) ഇരവിക്കുട്ടിപ്പിള്ളപ്പോര്]
9. പകിരി എന്നു വിളിപ്പേരുള്ള കവി. [K](1)
   [a) ജി. ശങ്കരക്കുറുപ്പ് b) വയലാർ c) പി .ഭാസ്കരൻ d) കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ
10. 'വൈക്കോൽപ്പാവ' യുടെ രചയിതാവ്. [A ](4)
   [a) ഒ.എൻ. വി. കുറുപ്പ് b) ലോപ c) റഫീക്ക് അഹമ്മദ് d) സാവിത്രി രാജീവൻ] **(10×1=10)**

**PART B**

**രണ്ടോ മൂന്നോ വാക്യത്തിൽ ഏതെങ്കിലും പത്തു ചോദ്യത്തിന് ഉത്തരം എഴുതുക. ഓരോ ചോദ്യത്തിനും രണ്ടു മാർക്ക് വീതം.**

11. മലയാളകവിതയുടെ വികാസപരിണാമങ്ങളിൽ കണ്ടെത്താൻ പറ്റുന്ന മൂന്ന് മുഖ്യധാരകൾ വ്യക്തമാക്കുക. [K](1)
12. മതിയായെല്ലാമൊരു മാവുമീമുണ്ടും മാത്രം-വിശദമാക്കുക [A](4)
13. വീണപൂവിൻ കഥ പാടി, മണിവീണകൾ മീട്ടിയ തത്തേ!-അർത്ഥതലം വ്യക്തമാക്കുക. [R](3)
14. കുറിപ്പെഴുതുക-പുലയർപാട്ട് [U](2)

15. പാതിരാക്കാറ്റിൽ നിന്റെ
പട്ടുറുമാലിളകിയല്ലോ-ഇതിൽ വ്യഞ്ജിക്കുന്ന ഭാവമെന്ത്? വിലയിരുത്തുക. [R](3)

16. മുള്ളൻപന്നി പുനരാലോചനയ്ക്ക് വെച്ചിരിക്കുന്ന കാര്യമെന്ത്? വ്യക്തമാക്കുക. [A](4)

17. വിശപ്പിന്നു വിഭവങ്ങൾ വെറുപ്പോളമശിച്ചാലും
വിശിഷ്ടഭോജ്യങ്ങൾ കാൺകിൽ കൊതിയാമാർക്കും-വിവക്ഷിതമെന്ത്?വിശദമാക്കുക. [A](4)

18. അതു കണ്ടുടനേ ദൂതിയത്തരുണീമണിയെ സ-
സ്മിതം നോക്കിക്കടക്കണ്ണാലാജ്ഞയും വാങ്ങി-എന്താണ് കണ്ടത്? വ്യക്തമാക്കുക. [A](4)

19. ഇരവിക്കുട്ടിപ്പിള്ളപ്പോരിന്റെ ഇതിവൃത്തം വിശദമാക്കുക. [U](2)

20. ആധുനികാനന്തരകവിതയുടെ സാമാന്യസ്വഭാവം നിർവചിക്കുക. [K](1)

21. ലോകം മൂന്നും ചുറ്റിവരാൻ മുക്കണ്ണൻ കൽപ്പിച്ചപ്പോൾ ഗണപതി ചെയ്തതെന്തെന്നു വ്യക്തമാക്കുക. [A](4)

22."തൊട്ടു തീണ്ട്യാല് കറുക്കുമോ വെളുക്കുമോ?
തീണ്ട്യാല് കറുക്കുമോ, തീണ്ട്യാല് വെളുക്കുമോ?" ആശയം വിശദീകരിക്കുക. [U](2) **(10×2=20)**

**PART C**

**ഒരു പുറത്തിൽ കവിയാതെ ഏതെങ്കിലും നാല് ചോദ്യത്തിന് ഉത്തരം എഴുതുക. ഓരോ ചോദ്യത്തിനും 5 മാർക്ക് വീതം.**

23. കുറിപ്പെഴുതുക-നാടൻപാട്ടുകൾ [K](1)

24. അല്ലിമലർക്കാവിൽ കൂത്തു കാണാൻ പോകാനുള്ള ഉണ്ണിയാർച്ചയുടെ തയ്യാറെടുപ്പുകൾ വിവരിക്കുക. [U](2)

25. 'മാമാങ്കക്കാഴ്ച'യിൽ നിന്ന് ലഭിക്കുന്ന കേരളത്തിന്റെ ചിത്രം ക്രോഡീകരിക്കുക. [A](4)

26. 'ചുമ്മാതെ ചിരിക്കാനും' എന്ന ലളിതഗാനത്തിന്റെ ഭാവതലം വിലയിരുത്തുക. [R](3)

27. വടക്കൻപാട്ടുകളിലെ വർണ്ണനകളുടെ പൊതുസ്വഭാവം വിശദമാക്കുക. [K](1)

28. 'അമ്മയെ കുളിപ്പിക്കുമ്പോൾ' എന്ന കവിതയിൽ തെളിയുന്ന സ്ത്രീജീവിതഭാവങ്ങൾ
എന്തൊക്കെ? കണ്ടെത്തുക. [A](4) **(5×4=20)**

**PART D**

**മൂന്നു പുറത്തിൽ കവിയാതെ ഏതെങ്കിലും രണ്ട് ചോദ്യത്തിന് ഉത്തരം എഴുതുക. ഓരോ ചോദ്യത്തിനും 10 മാർക്ക് വീതം.**

29. നാടൻപാട്ടുകളുടെ ചരിത്രവും സംസ്കാരവും വിലയിരുത്തുക. [K](1)

30. ആധുനിക-ആധുനികാനന്തര കവിതകളുടെ ആഖ്യാനസവിശേഷതകൾ
പാഠഭാഗത്തു നിന്നുള്ള ഉദാഹരണസഹിതം വിശദമാക്കുക. [A](4)

31. വടക്കൻപാട്ടുകളെ സവിശേഷവൽക്കരിക്കുന്ന ഒരു ഘടകമാണ് വർണ്ണനകൾ-ഉണ്ണിയാർച്ചയുടെ കഥയിൽ നിന്നുള്ള ഉദാഹരണങ്ങളോടെ സമർത്ഥിക്കുക. [U](2)

32. മലയാളഗാനശാഖയുടെ കൈവഴികളെക്കുറിച്ച് ഉപന്യസിക്കുക. [R](3) **(10×2=20)**